2023

# SSLC Second Term Exam2023-24 Answer Key Malayalam II

www.educationobserver.com

SSLC Second Term exam 2023-24

Malayalam II Answer Key

| Qn No | Answer |
|---|---|
| 1 | അമർഷം |
| 2 | വ്യക്തിയുടെ മഹത്വം |
| 3 | ശക്തമായി പ്രതികരിക്കുക |
| 4 | ദീപക്കുറ്റികൾ നാട്ടി |
| 5 | ചിറകടി, ഒച്ച |
| 6 | പത്രങ്ങൾക്ക് സമൂഹത്തിൻറെ അഭിപ്രായ രൂപീകരണത്തിൽ ശക്തമായ സ്വാധീനമുണ്ട്. അതിനിശിതമായ വിമർശനങ്ങൾക്ക് ആയുധങ്ങളേക്കാൾ ശക്തിയുണ്ട്. |
| 7 | ഗുരുവിൻറെ കാലഘട്ടത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ട ജനങ്ങളുടെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അജ്ഞതയും കാരണം അവർക്ക് പൂർണമായ അന്ധകാരത്തിൽ കഴിയേണ്ട സാഹചര്യമായിരുന്നു. കൂടാതെ അവരുടെ അടിമ ബോധവും ഭയവും പൊതു ഇടങ്ങളിൽ നിന്നുള്ള വിലക്കും ഈ സാഹചര്യത്തിന് ആക്കംകൂട്ടി. ഗുരുവാകട്ടെ അവരിലേക്ക് അറിവിൻറെ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കുകയും സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരികയും ചെയ്തു. |
| 8 | അപ്പനും മകനും പരസ്പരം കെട്ടിപ്പിടിക്കുന്ന കാഴ്ച നോക്കി നിന്ന് ചിരുത ആനന്ദിച്ചു. |
| 9 | ഓണക്കാലത്തെ പ്രകൃതിയെ മനുഷ്യഭാവങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നു .<br>നെയ്യാമ്പലിനെ വെള്ളികാലമെടുത്ത കന്യകളോട് ഉപമിച്ചിരിക്കുന്നു .<br>വരികളിലെ കാവ്യഭംഗി. |
| 10 | വളരെ നിസ്സാരമായ, തീർത്തും അവഗണിക്കാവുന്ന സംഭവങ്ങൾ വലിയ വഴക്കിലേക്ക് നീങ്ങുകയാണ്. രണ്ടുപേരുടെയും മനസ്സിലെ ചെറിയ ശത്രുത വലിയ വഴക്കായി ഈ സംഭവത്തോട് കൂടി ആളിപ്പടരുന്നു അവർ പരസ്പരം മാലിന്യങ്ങൾ വലിച്ചെറിഞ്ഞു. മത്തായിയുടെ അഹങ്കാരം വഴക്കിന് ആക്കം കൂട്ടി. |
| 11 | അധസ്ഥിതരായ ഒരു സമൂഹത്തിൻറെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചിരുന്ന ഗുരുവിൻറെ ആശയങ്ങളാണ് ഈ രണ്ടു നിരീക്ഷണങ്ങളിലും അവതരിപ്പിച്ചിട്ടുള്ളത്. സമുദായത്തിന്റെ മോചനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാവുമെന്നും അവരുടെ ഉയർച്ചയ്ക്ക് സംഘടനയും വ്യവസായങ്ങളും അനിവാര്യമാണെന്നും ഗുരു പറഞ്ഞുവെക്കുന്നു. ആർഭാടങ്ങൾക്കും ധൂർത്തിനും വേണ്ടി |

| | |
|---|---|
| | ചെലവാക്കി മുടിയുന്നതിന് ഗുരു നിരോധിച്ചു. ലാളിത്യം നിറഞ്ഞ ജീവിതത്തിലൂടെ വിജയം നേടാനാവും എന്നാണ് ഗുരു പഠിപ്പിച്ചത്. |
| 12 | സുകുമാർ അഴീക്കോടിൻറെ ഈ അഭിപ്രായം സമൂഹമാധ്യമങ്ങൾ പ്രചാരത്തിൽ ഇല്ലാതിരുന്ന കാലത്ത് എന്തിനും ഏതിനും പത്രത്തെ ആശ്രയിക്കേണ്ട അവസ്ഥയാണ് കാണിക്കുന്നത് ഇന്ന് ഓരോരുത്തർക്കും സാമൂഹ്യ വിമർശനത്തിന് ധാരാളം സാധ്യതകൾ ഉണ്ട് . |
| 13 | ലേഖകന്റെ കുട്ടിക്കാലത്തെ ഓർമ്മകൾ പാഠഭാഗത്തിൽ മാഞ്ചുവട്ടിൽ അദ്ദേഹം കഴിച്ചുകൂട്ടിയ മനോഹരമായ കുട്ടിക്കാലത്തെക്കുറിച്ച് മാവിൻചുവട്ടിൽ ഒത്തുകൂടുന്ന കുതിരയെ കുറിച്ചും ഉള്ള പാഠഭാഗങ്ങളെ സൂചിപ്പിച്ചുകൊണ്ട് കുറിപ്പെഴുതുക. |
| 14 | വൈലോപ്പിള്ളിയുടെ ഓണക്കാലത്തെ പ്രകൃതിയുടെ വർണ്ണനകൾ . വർണ്ണനകളിലെ മാനുഷിക ഭാവം . പ്രകൃതിയുടെ മനോഹരമായ ചിത്രം വരികളിലെ ആഖ്യാന ഭംഗി . ഇതെല്ലാം ഉദാഹരിച്ചുകൊണ്ട് കുറിപ്പ് തയ്യാറാക്കുക |
| 15 | ഉചിതമായ ശീർഷകം നൽകി കഥാകൃത്തിനെ കുറിച്ചും ഇതര കൃതികളെക്കുറിച്ചും സൂചിപ്പിച്ച് ഈ കഥയുടെ ആശയവും ഭാഷാ സൗന്ദര്യവും കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ചിരിയും ചിന്തയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അവതരണവും സൂചിപ്പിച്ചുകൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. |
| 16 | പ്രഭാഷണ ഘടന പാലിച്ചുകൊണ്ട് അഭിസംബോധനയും വിഷയാവതരണവും ഉപസംഹാരവും ഉൾപ്പെടുത്തി പത്രധർമ്മത്തെക്കുറിച്ചും പത്രങ്ങൾക്ക് സമൂഹത്തിൽ ഉള്ള സ്വാധീനത്തെ കുറിച്ചും സത്യവും ധർമ്മവും കൈവിടാതെ അനീതിയുടെ പക്ഷം പിടിക്കാതെ പത്രങ്ങൾ വാർത്തകൾ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രഭാഷണം തയ്യാറാക്കുക. |
| 17 | ദാർശനികതയുടെ പ്രായോഗിക രൂപമാണ് ശ്രീനാരായണ ഗുരു ആവിഷ്കരിച്ചത്. സാധാരണക്കാർക്കു മനസ്സിലാക്കാൻ പ്രയാസമുള്ള ദാർശനിക ആശയങ്ങൾ ഗുരു ലളിതമാക്കി അവതരിപ്പിച്ചു.എവിടെ മനുഷ്യരുണ്ടോ അവിടെയെല്ലാം നടപ്പാക്കാൻ പറ്റുന്ന ചിന്താപദ്ധതികളാണ് ഗുരു വിഭാവനം ചെയ്തത്. ആത്യന്തികമായി മനുഷ്യത്വത്തിന്റെ പുനരുദ്ധാരണമാണ് ഗുരു ആഗ്രഹിച്ചതും നടപ്പാക്കിയതും. മനുഷ്യനെയും മനുഷ്യത്വത്തെയും നിരാകരിക്കുന്ന നീക്കം ഏതു ഭാഗത്തുനിന്ന് ഉണ്ടായാലും ഗുരു അതിനെ തടയുമായിരുന്നു.<br><br>ചാതുർവർണ്യം, അയിത്തം എന്നിവ താഴെത്തട്ടിൽ ശക്തിപ്രാപിച്ചപ്പോൾ മാനവികതയ്ക്കും മനുഷ്യത്വത്തിനും മുന്നോട്ടു നീങ്ങാനാവാത്ത അവസ്ഥയുണ്ടായി. താഴെത്തട്ടിലെന്നു സമൂഹം വിളിച്ച ജനസാമാന്യത്തിനു തങ്ങളെക്കൊണ്ട് ഒന്നിനുമാകില്ലെന്ന ചിന്ത വന്നു. അവർക്കു മുന്നിൽ വഴികൾ അടയ്ക്കപ്പെട്ടു. ആരാധനാസ്വാതന്ത്ര്യവും വിദ്യാഭ്യാസത്തിനുള്ള അവകാശവും നിഷേധിക്കപ്പെട്ടു. വഴി നടക്കാനും ആരാധനയ്ക്കും വിദ്യാഭ്യാസത്തിനും അവസരമുണ്ടാക്കി അവരിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കാനാണു ശ്രീനാരായണ ഗുരു ശ്രമിച്ചത്. മനുഷ്യർക്കെല്ലാം അവസര സമത്വവും സാംസ്കാരിക സമത്വവും ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. |

| | |
|---|---|
| | അപരിഷ്കൃതമായ ദുരാചാരങ്ങൾ അവസാനിപ്പിച്ചതിലൂടെ വലിയ വിപ്ലവമാണു ഗുരു സൃഷ്ടിച്ചത്. അരുവിപ്പുറം പ്രതിഷ്ഠ, ചിന്തിക്കുന്ന മനുഷ്യരിൽ പരിവർത്തനമുണ്ടാക്കി. മനുഷ്യൻ നന്നായാൽ ലോകം നന്നായി എന്നു ഗുരു പറഞ്ഞുവച്ചു. വിദ്യാഭ്യാസം, സംസ്കാരം, സാമ്പത്തിക വളർച്ച, ജീവിതരീതി എന്നിവയിൽ സമൂല മാറ്റമുണ്ടാകണമെന്നു നിഷ്കർഷിച്ചു. പാരമ്പര്യത്തെ അപ്പാടെ തള്ളിക്കളയാതെ അവയെ പരിഷ്കരിച്ചുകൊണ്ടാണ് ഗുരു ഇതെല്ലാം സാധ്യമാക്കിയത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും വളർച്ചയുണ്ടാകണമെന്നും അത് ഏതെങ്കിലുമൊരു കുലത്തിനു മാത്രമായി ഒതുങ്ങരുതെന്നുമാണ് ഗുരു ആഗ്രഹിച്ചത്. ഗുരു, ക്ഷേത്രങ്ങൾ സ്ഥാപിച്ചത് മനുഷ്യകുലത്തിന്റെ വളർച്ച ദൈവവിശ്വാസത്തിലും ഭക്തിയിലും അധിഷ്ഠിതമായിട്ടായിരിക്കണം എന്ന ലക്ഷ്യത്തോടെയാണ്. ക്ഷേത്രങ്ങൾക്കൊപ്പം വിദ്യാലയങ്ങളും തുറന്നു. |